ഉത്തരം

(എ) ഉണ്ട്.

(ബി) വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

1. ആവശ്യമായ വിവരങ്ങൾ നിരന്തരമായി നൽകുന്നതിലൂടെ അദ്ധ്യാപക പരിശീലനം ശക്തിപ്പെടുത്തുക.
2. അതിലേയ്ക്കാവശ്യമായ ഓഡിയോ/വീഡിയോ കാസറ്റുകൾ നിർമ്മിക്കുക, ടെലി കോൺഫറൻസിംഗ് നടത്തുക.
3. കുട്ടിയുടെ പഠനത്തിനാവശ്യമായ ഓഡിയോ/വീഡിയോ കാസറ്റുകൾ നിർമ്മിക്കുക.
4. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് സമൂഹത്തിന് സമഗ്രമായ അവബോധം സൃഷ്ടിക്കുക.

മേൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പാക്കേണ്ട ചുമതലയാണ് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കോ-ഓർഡിനേറ്റർക്കുള്ളത്.

എൽ.പി., യു.പി. സ്കൂൾ അദ്ധ്യാപക നിയമനം

37 (820) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി സ്കൂൾ അസിസ്റ്റന്റ് നിയമനത്തിൽ നിലവിലുള്ളതായി പറയപ്പെടുന്ന അപാകതകൾ പരിഹരിക്കാനായി ബി.എഡ്. ബിരുദധാരികളെ യു.പി. വിഭാഗത്തിൽ മാത്രമായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻപ്രകാരം ഇപ്പോൾ സർവ്വീസിൽ ഉള്ള അദ്ധ്യാപകരെയും ടി.ടി.സി, ബി.എഡ്. യോഗ്യത അനുസരിച്ച് എൽ.പി. യു.പി വിഭാഗങ്ങളിൽ തന്നെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം നിയമനം നൽകേണ്ടി വരുമ്പോൾ എന്തെങ്കിലും പ്രായോഗിക വിഷമതകൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(ഡി) പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള മാന്ദ്യം ഇല്ലാതാക്കാൻ എത്രയും വേഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനും സ്ഥലം മാറ്റം ആവശ്യമെങ്കിൽ എത്രയും വേഗം നൽകി നിയമനം നടത്തി അദ്ധ്യയനം ആരംഭിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ബി.എഡ്. ബിരുദധാരികളെക്കൂടി യു.പി. വിഭാഗത്തിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള ഒഴിവുകളെല്ലാം വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly